പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2988 15-02-2013 -ൽ മറുപടിക്ക്

## സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്) - ന്റെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗ് (സി-ആപ്റ്റ്) - ന്റെ വികസനത്തിനായി ചെയ്ത പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗ് (സി-ആപ്റ്റ്) - ന്റെ വികസനത്തിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയുണ്ടായി.<br><br>1. ബഹുവർണ്ണ വെബ് ഓഫ് സെറ്റ് മന്ദിരത്തിന്റെ നിർമ്മാണ ഉദ്ഘാടനം നടത്തി.<br>2. സ്ഥാപനത്തിന്റെ പുതിയ നാമധേയമായ കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി - ആപ്റ്റ്) - ന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തി.<br>3. ജീവനക്കാർക്കുള്ള ഇ.എസ്.ഐ. സ്മാർട്ട് കാർഡ് വിതരണം ചെയ്തു.<br>4. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വലി ഹാൻഡിക്യാപ്പ്ഡുമായി സഹകരിച്ച് കാഴ്ചശക്തി കുറഞ്ഞവർക്കുള്ള പാഠപുസ്തകം തയ്യാറാക്കി.<br>5. ബൈരായിക്കുളത്തുള്ള കോഴിക്കോട് ഉപകേന്ദ്രത്തിൽ പുതിയ ട്രെയിനിംഗ് വിഭാഗം സ്ഥാപിച്ചു.<br>6. മലപ്പുറം സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ പുതിയ ഉപകേന്ദ്രം ആരംഭിച്ചു.<br>7. സെന്ററിന്റെ ഹെഡ് ഓഫീസ് കോംപ്ലക്സിൽ ലോട്ടറി വകുപ്പ് അനുവദിച്ച 4.5 കോടി രൂപ ഉപയോഗിച്ച് പുതിയ വെബ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ സ്ഥാപിക്കുവാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br>8. ഉപകേന്ദ്രത്തിൽ നെറ്റ് വർക്ക് സൌകര്യം ഏർപ്പെടുത്തി അക്കൌണ്ട്സ് മുതലായവ കമ്പ്യൂട്ടറൈസ് ചെയ്യുവാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br>9. ലോട്ടറി അച്ചടി പ്രതിവാരം 80 ലക്ഷം ആയി ഉയർത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

| | |
|---|---|
| ബി) ഈ സെന്ററിലെ ശമ്പള പരിഷ്കരണം നടപ്പിൽ വരുത്തുന്നതിന് ഗവേണിംഗ് ബോഡി തീരുമാനിച്ചിരുന്നുവോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ; | (ബി) തീരുമാനിച്ചിരുന്നു. സർക്കാർ അനുമതിയോടെ സ്ഥാപനത്തിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ, 19.06.2012 -ാം തീയതി ചേർന്ന സ്ഥാപനത്തിന്റെ 36 -ാം ഭരണ സമിതി യോഗം സമർപ്പിച്ച റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) സ്ഥാപനത്തിലെ ഹെഡ് ഓഫീസിലെ ജീവനക്കാർക്ക് കഴിഞ്ഞ നാല് വർഷമായി ശമ്പളത്തിൽ ഏതെങ്കിലും മാസം കുടിശ്ശികയുണ്ടോ; എങ്കിൽ ഏത് മാസം; | (സി) കഴിഞ്ഞ നാല് വർഷമായി ഹെഡ് ഓഫീസിലെ ജീവനക്കാർക്ക് ശമ്പള കുടിശ്ശികയില്ല. |
| ഡി) ഹെഡ് ഓഫീസിലെ ജീവനക്കാർക്ക് വിദ്യാലയങ്ങൾ തുറക്കുന്നതോടനുബന്ധിച്ച് ഉണ്ടാകുന്ന അധിക ബാധ്യത കണക്കിലെടുത്ത് "നോൺ റീഫണ്ടബിൾ സാലറി അഡ്വാൻസ്" വിതരണം ചെയ്യാറുണ്ടോ; എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ ഇത് വിതരണം ചെയ്തു; ഇതിന്റെ മാനദണ്ഡം എന്താണ്; വ്യക്തമാക്കുമോ; | (ഡി) വിതരണം ചെയ്യാറുണ്ട്. 'നോൺ റീഫണ്ടബിൾ സാലറി അഡ്വാൻസ്' 2009, 2010, 2011 & 2012 എന്നീ വർഷങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. ഹെഡ് ഓഫീസ് ഉൾപ്പെടെ മതിയായ ഫണ്ട് ഉള്ള സെന്ററുകളിൽ നിലവിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് വിതരണം ചെയ്യുവാൻ വേണ്ടി ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായ ഗവേണിംഗ് ബോഡി മുൻകൂർ അനുമതി നൽകിയിട്ടുണ്ട്. |
| ഇ) മുൻകാല ശമ്പള കുടിശ്ശിക ഇനത്തിൽ നൽകാനുള്ള തുകയിൽ നിന്നാണോ ഇത് നൽകുന്നത് ; | (ഇ) മുൻകാലങ്ങളിൽ നൽകുവാനുള്ള ശമ്പള കുടിശ്ശികയിൽ നിന്നും ഈ തുക കുറവു ചെയ്തു വരികയാണ്. |
| എഫ്) ഇതിൽ നിന്നും അക്കാലത്ത് സെന്ററിൽ പ്രവർത്തിച്ചിരുന്നതും ഇപ്പോൾ ഡെപ്യൂട്ടേഷനിൽ പോയതുമായ ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എഫ്) ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്ന ജീവനക്കാർ ഒഴികെ നിലവിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് വിതരണം ചെയ്യുവാനാണ് ഗവേണിംഗ് ബോഡിയുടെ അനുമതി ലഭിച്ചിരിക്കുന്നത്. |
| ജി) ശമ്പള കുടിശ്ശിക തീർപ്പാക്കുവാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങളുടെ പകർപ്പ് സഹിതം വെളിപ്പെടുത്തുമോ; | (ജി) ശമ്പള കുടിശ്ശിക ഉൾപ്പെടെയുള്ള മുൻകാല ബാധ്യത തീർക്കുവാൻ വേണ്ടി പദ്ധതിയേതര ഇനത്തിൽ 2009-10 മുതൽ 2012-13 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഫണ്ട് ലഭിക്കുവാൻ വേണ്ടി അപേക്ഷ ലഭിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള വിഭവലഭ്യതയുടെ പരിമിതി മൂലവും ചെലവ് നിയന്ത്രണ നിർദ്ദേശങ്ങളുടെ വെളിച്ചത്തിലും അധിക തുക ഇക്കാര്യത്തിൽ വകയിരുത്താൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ